LIBRARY ARCHIVES Kerala Legislative Assembly

എസ്. എസ്. എൽ. സി. പരീക്ഷയിൽ ഗ്രേഡിംഗ് നൽകുന്ന നടപടി

104 [3282] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയിൽ ഗ്രേഡിംഗ് നടപ്പാക്കുമ്പോൾ വൈജ്ഞാനിക മേഖലയിൽ എഴുത്തു പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് സഹവൈജ്ഞാനിക മേഖലയിൽ മാർക്ക് കുറഞ്ഞാൽ പ്രൊമോഷൻ നൽകുന്നതിനോ ഉപരിപഠനം നടത്തുന്നതിനോ മാനദണ്ഡങ്ങൾ എന്തെങ്കിലും ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എസ്. എസ്. എൽ. സി. പരീക്ഷയുടെ സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഗ്രേഡിനോടൊപ്പം മാർക്കു കൂടി നൽകുമോ;

(സി) നൽകുമെങ്കിൽ വരും വർഷങ്ങളിൽ ഈ രീതി തുടരുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഗ്രേഡിംഗ് സമ്പ്രദായം നിലവിൽ വരുന്നതോടെ ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിലായിരിക്കും അഡ്മിഷൻ നടത്തുക. വൈജ്ഞാനിക മേഖല പാർട്ട് I, സഹവൈജ്ഞാനിക മേഖല പാർട്ട് II, കുട്ടിയുടെ വ്യക്തിത്വ സവിശേഷതകളും സാമൂഹ്യ കാഴ്ചപ്പാടും പാർട്ട് III എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് മൂല്യനിർണ്ണയം നടത്തുക. പാർട്ട് I-ൽ 9 പോയിന്റ് അബ്സല്യൂട്ട് ഗ്രേഡിംഗും പാർട്ട് II-ൽ 5 പോയിന്റ് അബ്സല്യൂട്ട് ഗ്രേഡിംഗും പാർട്ട് III-ൽ 5 പോയിന്റ് ഡയറക്ട് ഗ്രേഡിംഗുമാണ് നടത്തുക. ഗ്രേഡിന്റെ ഗ്രേസ് പോയിന്റ് ആവറേജ് കണ്ടതിനുശേഷം അതോടൊപ്പം ഏത് ഗ്രൂപ്പാണോ തെരഞ്ഞെടുക്കുന്നത് അതിന്റെ ആവറേജും പാർട്ട് 2+3 ഇവയുടെ ഗ്രേസ് പോയിന്റ് ആവറേജും കൂട്ടി വെയിറ്റഡ് ഗ്രേസ് പോയിന്റ് ആവറേജും കണക്കിലെടുത്താണ് അഡ്മിഷൻ നടത്തുക. വൈജ്ഞാനിക മേഖല, സഹവൈജ്ഞാനിക മേഖല കുട്ടിയുടെ വ്യക്തിത്വ സവിശേഷതകളും സാമൂഹ്യ കാഴ്ച്ചപ്പാടും തമ്മിലുള്ള റേഷ്യോ 3 :1 :1 എന്നതായതിനാൽ ഒരു കാരണവശാലും വൈജ്ഞാനിക മേഖലയിൽ കൂടിയ സ്കോർ വാങ്ങുന്ന കുട്ടി സഹവൈജ്ഞാനിക മേഖലയിൽ സ്കോർ കുറഞ്ഞാൽ പിന്നിലാകില്ല.

(ബി & സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

എസ്. എസ്. എൽ. സി. ഗ്രേഡിംഗ് — അദ്ധ്യാപകരിൽ നിക്ഷിപ്തമായ അധികാരങ്ങൾ

105 [3283] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയിലെ ഗ്രേഡിംഗ് സമ്പ്രദായം വിദ്യാർത്ഥികളിൽ അമിതഭാരം അടിച്ചേൽപ്പിക്കുകയാണെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;